<u>പതിനാലാം കേരള നിയമസഭ</u>
<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 211 07.12.2018 ൽ മറുപടിയ്ക്ക്

## <u>വനം – വന്യജീവി സംരക്ഷണ മേഖലയ്ക്കായുള്ള കേന്ദ്ര വിഹിതം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വനം-വന്യജീവി സംരക്ഷണ മേഖലയ്ക്കായി അനുവദിച്ചിട്ടുള്ളതും ലഭ്യമാകുന്നതുമായ കേന്ദ്ര വിഹിതത്തിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) | സംസ്ഥാനത്തെ 17 വന്യജീവി സങ്കേതങ്ങളുടെയും, 5 ദേശീയോദ്യാനങ്ങളുടേയും, 2 ടൈഗർ റിസർവ്വുകളുടേയും, ഒരു കമ്മ്യൂണിറ്റി റിസർവ്വിന്റേയും വികസന സംരക്ഷണ പ്രവർത്തനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ഇത് കൂടാതെ കാട്ടാനകളുടെ ആവാസ വ്യവസ്ഥയുടെ പരിപാലനത്തിനായി പ്രോജക്ട് എലിഫന്റ് സ്കീമും, വനാശ്രിത സമൂഹത്തിന്റെ വികസനത്തിനായി അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ്(ABR), നീലഗിരി ബയോസ്ഫിയർ റിസർവ്വ് (NBR) എന്നിവയും, വനമേഖലകളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുക എന്നത് ലക്ഷ്യമാക്കി Forest Fire Prevention and Management Scheme (FPMS) എന്ന പദ്ധതിയും കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്നു.<br><br>പ്രോജക്ട് ടൈഗർ ഒഴികെ മറ്റു പദ്ധതികൾക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 60:40 അനുപാതത്തിലാണ്. പ്രോജക്ട് ടൈഗറിൽ നോൺ റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 60% ഉം, റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 50% ഉം ആണ് കേന്ദ്ര വിഹിതം. |

| | | | |
|---|---|---|---|
| (ബി) | കേന്ദ്രവിഹിതം യഥാസമയം ലഭ്യമാകുന്നുണ്ടോ എന്നറിയിക്കുമോ; | (ബി) | സാങ്ച്വറി, നാഷണൽ പാർക്ക്, ബയോസ്ഫിയർ റിസർവ്വ് തുടങ്ങിയ പദ്ധതികൾക്ക് അതാതു സാമ്പത്തിക വർഷങ്ങളിലെ വന സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള വാർഷിക കർമ്മ പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങുകയാണ് ചെയ്യുന്നത്. സാധാരണയായി നടപടിക്രമങ്ങൾ പൂർത്തിയാക്കി കേന്ദ്ര വിഹിതം ലഭിക്കുന്നത് സാമ്പത്തിക വർഷത്തിന്റെ രണ്ടാമത്തെയോ, മൂന്നാമത്തെയോ പാദത്തിലായിരിക്കും. എന്നാൽ Forest Fire Prevention and Management (FPM) പദ്ധതിയെ സംബന്ധിച്ചിടത്തോളം കേന്ദ്ര വിഹിതം ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടിട്ടില്ല. |
| (സി) | കേന്ദ്രവിഹിതം കിട്ടാൻ വൈകുന്നത് മൂലം താല്കാലിക ജീവനക്കാരുടെ ശമ്പളവും പദ്ധതി പ്രവർത്തനങ്ങളും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 2018-19 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ ലഭിക്കാതിരിക്കുകയും കേന്ദ്ര വിഹിതം ലഭിച്ച ശേഷം മാത്രമേ ആനുപാതികമായ സംസ്ഥാന വിഹിതം ചെലവഴിക്കുവാൻ പാടുള്ളൂ എന്ന നിർദ്ദേശവും കാരണം കേന്ദ്രാവിഷ്കൃത പദ്ധതി പ്രവർത്തനങ്ങളിൽ കാലതാമസം നേരിടാറുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ.ഉ (സാധാ)നം.500/2018/വനം തീയതി 03.12.2018 പ്രകാരം കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതത്തിന്റെ 50%, കേന്ദ്ര വിഹിതം ലഭിക്കുന്നതിനു മുമ്പുതന്നെ, നിബന്ധനകൾക്കു വിധേയമായി ചെലവഴിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ അത് പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിൽ ആവശ്യമായ ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ? | (ഡി) | മുൻകാലങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം അതാത് സാമ്പത്തിക വർഷത്തിലെ വാർഷിക കർമ്മ പദ്ധതികൾ കേന്ദ്ര സർക്കാർ അംഗീകരിച്ച് നൽകുന്നതിന് മുൻപ് തന്നെ സാമ്പത്തിക വർഷാരംഭത്തിലുള്ള ചെലവുകൾക്ക് വിനിയോഗിക്കുവാൻ അനുവദിച്ചിരുന്നു. വനസംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് അനുമതി യഥാസമയം ലഭ്യമാക്കാനായി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ